# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. 214 03.02.2020- ൽ മറുപടിയ്ക്ക്

## ജയിൽ ഭക്ഷണത്തിന്റെ വില

| ചോദ്യം<br>ശ്രീ. ഷാഫി പറമ്പിൽ | ഉത്തരം<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) ജയിൽ ഭക്ഷണത്തിന് (ഫ്രീഡം ഫുഡ്) വില കൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ; | (എ) ജയിൽ ഭക്ഷ്യ യൂണിറ്റിൽ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന ഭക്ഷ്യോത്പന്നങ്ങളുടെ വില ഏകീകരിച്ചുകൊണ്ട് 21.01.2020-ലെ സ.ഉ.(കൈ)നം. 27/2020/ആഭ്യന്തരം നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു. |

| ഇനം | നിലവിലെ വില | ഏകീകൃത ശിപാർശിത നിരക്ക് |
|---|---|---|
| ചിക്കൻകറി | 25/-, 20/- | 25/- |
| 5 ചപ്പാത്തി + ചിക്കൻകറി | 30/- | 35/- |
| വെജ് കറി | 15/-, 10/- | 15/- |
| 5 ചപ്പാത്തി +വെജ് കറി | 20/- | 25/- |
| മുട്ടക്കറി | 15/-, 12/- | 15/- |
| 5 ചപ്പാത്തി +മുട്ടക്കറി | 25/-, 22/- | 25/- |
| 5 ഇഡ്ഡലി +കറി | 20/- | 25/- |
| ബിരിയാണി | 60/- | 65/- |
| ബിരിയാണി റൈസ് | 30/- | 35/- |
| ചില്ലി ചിക്കൻ | 40/-, 60/- | 60/- |
| ബനാന ചിപ്സ് | 240/- | 260/- (ഉൽസവ കാലങ്ങളിൽ ഒഴികെ) |

| | |
|---|---|
| (ബി) പച്ചക്കറിയ്ക്കും പലവ്യഞ്ജനത്തിനും വില വർദ്ധിച്ചതിന്റെ അടിസ്ഥാനത്തിലാണോ ജയിൽ ഭക്ഷണത്തിന് വില വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചതെന്ന് വ്യക്തമാക്കുമോ ; | (ബി) അസംസ്കൃത സാധനങ്ങളുടെ വിലവർദ്ധനവ്, ഇന്ധന വില വർദ്ധനവ്, പാചക വാതകത്തിന്റെ വില വർദ്ധനവ് എന്നിവ മൂലം ഉത്പാദനചെലവിലുണ്ടായ വർദ്ധനവും വില ഏകീകരണത്തിന് കാരണമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | വില വർദ്ധനവ് മൂലം ജയിൽ ഭക്ഷണത്തിന്റെ വിൽപ്പനയിൽ കുറവ് ഉണ്ടായിട്ടുണ്ടോ ; | (സി) | വില വർദ്ധനവ് സംബന്ധിച്ച് 21.01.2020 ൽ ഉത്തരവ് പുറപ്പെടുവിച്ചതിൻ പ്രകാരം വില്പനയിലെ കുറവ് വിലയിരുത്തുന്നതിന് ഇനിയും സമയം വേണ്ടി വരുന്നതാണ്. |
| (ഡി) | ഓൺലൈൻ സംവിധാനത്തിൽ കൂടി ജയിൽ ഭക്ഷണം വിതരണം ചെയ്യുന്നുണ്ടോ ; വിശദാംശം നൽകുമോ? | (ഡി) | ഉണ്ട്. ഭക്ഷ്യ യൂണിറ്റുകൾ പ്രവർത്തിക്കുന്ന സെൻട്രൽ ജയിലുകളായ തിരുവനന്തപുരം, വിയ്യൂർ എന്നിവിടങ്ങളിൽ ഓൺലൈൻ വിതരണ ഏജൻസികളായ Zomato, Swiggy എന്നിവ മുഖേനയും കോഴിക്കോട്, എറണാകുളം, കൊല്ലം ജില്ലാ ജയിലുകളിൽ Swiggy മുഖേനയും ഓൺലൈനിൽ ഭക്ഷണ വിതരണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ